FREE TOOL · FULL SETUP GUIDE · v1.0

STUDY ABROAD AGENT

കൺസൾട്ടൻസിയുടെ ലിസ്റ്റ് അല്ല, ഒഫീഷ്യൽ സൈറ്റുകളിൽ നിന്നുള്ള നിന്റെ സ്വന്തം ഷോർട്ട്‌ലിസ്റ്റ്.

ഈ ടൂൾ ചെയ്യുന്നത്:

- 🇬🇧 UK · 🇩🇪 Germany · 🇮🇪 Ireland. ഡിഗ്രി (UG), മാസ്റ്റേഴ്സ് (PG) രണ്ടിനും.
- മാർക്ക്, ബജറ്റ്, കോഴ്സ് എന്നിവ പറഞ്ഞാൽ Claude നിന്റെ Chrome-ൽ DAAD, UCAS, യൂണിവേഴ്സിറ്റികളുടെ ഒഫീഷ്യൽ സൈറ്റുകൾ മാത്രം തുറന്ന് കോഴ്സുകൾ കണ്ടെത്തും.
- ഫീസ് (ഇന്ത്യക്കാർക്കുള്ളത്), യോഗ്യത ✅/⚠️/❌, ഡെഡ്‌ലൈൻ, മൊത്തം ചെലവ് രൂപയിൽ, സ്കോളർഷിപ്പ്, SOP ഡ്രാഫ്റ്റ്, വിസ ചെക്ക്‌ലിസ്റ്റ് എന്നിവ മലയാളത്തിൽ തരും.
- ഒരു യൂണിവേഴ്സിറ്റിയും ഈ ലിസ്റ്റിൽ കയറാൻ കാശ് കൊടുക്കുന്നില്ല.

⬇ DOWNLOAD THE SKILL

study-abroad-agent.zip · ഇവിടെ ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ചെയ്യൂ (ഫ്രീ)

`shakirc.com/downloads/study-abroad-agent.zip`

SETUP	ONE RUN	COST
ഇൻസ്റ്റാൾ ചെയ്യാൻ 5 മിനിറ്റ്	ഒരു മെസേജ്, ഫുൾ ഷോർട്ട്‌ലിസ്റ്റ്	ടൂൾ ഫ്രീ. Claude അക്കൗണ്ട് വേണം

SETUP

ആദ്യം ഇത് വേണം

- Google Chrome ബ്രൗസർ ഉള്ള കമ്പ്യൂട്ടർ (Mac / Windows)
- Claude അക്കൗണ്ട് (claude.ai). Claude in Chrome നിന്റെ പ്ലാനിൽ ലഭ്യമാണോ എന്ന് `claude.ai/chrome` -ൽ നോക്കി ഉറപ്പാക്കുക.
- മുകളിലെ ബട്ടണിൽ നിന്ന് ഡൗൺലോഡ് ചെയ്ത `study-abroad-agent.zip` (unzip ചെയ്യേണ്ടതില്ല)

ഇൻസ്റ്റാൾ ചെയ്യുന്ന വിധം

1 **Claude in Chrome എക്സ്റ്റൻഷൻ ഇടുക**
Chrome-ൽ `claude.ai/chrome` തുറന്ന് എക്സ്റ്റൻഷൻ ഇൻസ്റ്റാൾ ചെയ്യുക. അതേ Claude അക്കൗണ്ടിൽ സൈൻ ഇൻ ചെയ്യുക.

2 **Code execution ഓൺ ആക്കുക**
claude.ai → `Settings` → `Capabilities` → "Code execution and file creation" ഓൺ ചെയ്യുക. Skills ഉപയോഗിക്കാൻ ഇത് വേണം.

3 **Skill അപ്‌ലോഡ് ചെയ്യുക**
അതേ പേജിൽ `Skills` → `Upload skill` → `study-abroad-agent.zip` തിരഞ്ഞെടുക്കുക. ലിസ്റ്റിൽ "study-abroad-agent" ഓൺ ആണെന്ന് ഉറപ്പാക്കുക.

4 **ടെസ്റ്റ് ചെയ്യുക**
Claude-ൽ പുതിയ ചാറ്റ് തുറന്ന് താഴെയുള്ള മെസേജ് അയക്കുക. സൈറ്റുകൾ തുറക്കാൻ അനുമതി ചോദിച്ചാൽ **Allow** കൊടുക്കുക.

> Study abroad agent റൺ ചെയ്യൂ. BCom 70%, MSc Business Analytics, ബജറ്റ് ₹25 ലക്ഷം, Sep 2027.

Claude Code ഉപയോഗിക്കുന്നവർക്ക്: zip unzip ചെയ്ത് `study-abroad-agent` ഫോൾഡർ `~/.claude/skills/` -ലേക്ക് ഇടുക. Claude in Chrome കണക്ട് ആയിരിക്കണം.

HOW TO USE

Claude-നോട് പറയേണ്ടത്

- ലെവൽ: ഡിഗ്രി (Plus Two കഴിഞ്ഞ്) അല്ലെങ്കിൽ മാസ്റ്റേഴ്സ് (ഡിഗ്രി കഴിഞ്ഞ്)
- മാർക്ക്: % അല്ലെങ്കിൽ CGPA, ബോർഡ് / യൂണിവേഴ്സിറ്റി, പഠിച്ച വിഷയങ്ങൾ
- കോഴ്സ്: 1–3 കീവേഡുകൾ (ഉദാ: Data Science, Nursing, Mechanical)
- രാജ്യം: UK / Germany / Ireland (ഒന്നോ എല്ലാമോ)
- ബജറ്റ്: ജീവിതച്ചെലവ് ഉൾപ്പെടെ മുഴുവൻ കോഴ്സിനും എത്ര ₹
- IELTS / PTE: സ്കോർ, അല്ലെങ്കിൽ "ഇതുവരെ എഴുതിയിട്ടില്ല"
- ഇൻടേക്ക്: Jan / Sep, ഏത് വർഷം

> Study abroad agent: Plus Two Science 88%, BSc Computer Science, UK and Ireland, ബജറ്റ് ₹40 ലക്ഷം, IELTS ഇല്ല, Sep 2027.

നിനക്ക് കിട്ടുന്നത്

📋 ഷോർട്ട്ലിസ്റ്റ്	യൂണിവേഴ്സിറ്റി, കോഴ്സ്, ഫീസ് (ഇന്ത്യക്കാർക്കുള്ളത്), മൊത്തം ചെലവ് ₹-ൽ, ഡെഡ്ലൈൻ, ഒഫീഷ്യൽ ലിങ്ക്
✅ ⚠️ ❌ യോഗ്യത	✅ നിയമം പാലിക്കുന്നു · ⚠️ ഉറപ്പിക്കണം (ഉദാ: ഇന്ത്യൻ % തുല്യത പ്രസിദ്ധീകരിച്ചിട്ടില്ല) · ❌ യോഗ്യത പോരാ, കാരണം സഹിതം
🎓 സ്കോളർഷിപ്പ്	യൂണിവേഴ്സിറ്റി പേജിലോ ഒഫീഷ്യൽ സ്കീമുകളിലോ ഉള്ളവ മാത്രം
💼 പഠനശേഷം ജോലി	ഓരോ രാജ്യത്തെയും പോസ്റ്റ്-സ്റ്റഡി വർക്ക് വിസ നിയമം (ഗവൺമെന്റ് സൈറ്റിൽ നിന്ന്)
📝 SOP ഡ്രാഫ്റ്റ്	ടോപ്പ് 1–3 കോഴ്സുകൾക്ക്. നിന്റെ യഥാർത്ഥ വിവരങ്ങൾ ചേർക്കാൻ [ADD] എന്ന് മാർക്ക് ചെയ്ത ഭാഗങ്ങൾ
🛂 വിസ ചെക്ക്ലിസ്റ്റ്	ഒഫീഷ്യൽ ഗവൺമെന്റ് പേജിൽ നിന്ന്, ലിങ്ക് സഹിതം
🗓 ടൈംലൈൻ	ആദ്യ ഡെഡ്ലൈനിൽ നിന്ന് പിന്നോട്ട്: ടെസ്റ്റ്, ഡോക്യുമെന്റ്, അപേക്ഷ, ഫണ്ട്, വിസ

REAL EXAMPLE · 06 NOV 2026

ഇത് ശ്രദ്ധിക്കാതെ പോകുന്ന 3 ഫീസ് കെണികൾ

🇬🇧
Birmingham
UK-ക്കാർക്ക്
~~£19,890~~
ഇന്ത്യക്കാർക്ക്
£34,830

🇮🇪
Trinity Dublin
EU-ക്കാർക്ക്
~~€17,340~~
non-EU
€24,600

🇩🇪
Baden-Württ.
"ഫ്രീ" എന്ന് കേട്ടത്
~~€0~~
non-EU
€1,500/sem

ഉദാഹരണ റിപ്പോർട്ട്: BCom 70% · MSc Business Analytics · ₹25L · Sep 2027

🇩🇪 **KU Eichstätt-Ingolstadt · BA&OR** ട്യൂഷൻ ഇല്ല · non-EU deadline 15 May	⚠️ ≈ ₹25.4L
🇩🇪 **OVGU Magdeburg · ORBA** ട്യൂഷൻ ഇല്ല · IELTS 7.0 · 15 Apr–15 Jun	⚠️ ≈ ₹26.3L
🇮🇪 **UCC · Business Analytics** €23,314 · ഇന്ത്യ 55% (2H2) · ≤ 15 June	✅ ≈ ₹35.0L
🇮🇪 **Trinity · Business Analytics & AI** €24,600 + €314 · 2:1 · IELTS 6.5	⚠️ ≈ ₹36.7L
🇬🇧 **Aston · Business Analytics** £25,500 (2026/27) · ഇന്ത്യ 50% (2:2)	✅ ≈ ₹45.4L
🇬🇧 **Birmingham · Business Analytics** £34,830 · ഇന്ത്യ 55–60% (2:1) · IELTS 6.5	✅ ≈ ₹57.1L

മൊത്തം = ട്യൂഷൻ + ഒഫീഷ്യൽ വിസ ലിവിങ് തുക (UK £1,171/മാസം × 9 · Ireland €10,000 · Germany €11,904/വർഷം). ഫ്ലൈറ്റ്, വിസ ഫീസ്, ഇൻഷുറൻസ് ഉൾപ്പെടുത്തിയിട്ടില്ല. £1 = ₹125.92, €1 = ₹105.04 (Wise, 06 Nov 2026). ഈ നമ്പറുകൾ ആ ദിവസത്തേതാണ്. നിന്റെ റണ്ണിൽ പുതിയ നമ്പറുകൾ വരും.

IMPORTANT

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- അഡ്മിഷനോ വിസയോ ഉറപ്പില്ല. ഈ ടൂൾ ഒഫീഷ്യൽ വിവരങ്ങൾ ഒരുമിച്ച് കാണിക്കുക മാത്രമാണ് ചെയ്യുന്നത്.
- ഫീസും നിയമങ്ങളും മാറാം. അപേക്ഷിക്കുന്നതിന് മുമ്പ് റിപ്പോർട്ടിലെ ഒഫീഷ്യൽ ലിങ്ക് തുറന്ന് ഉറപ്പാക്കുക.
- UK പേജുകളിൽ ആദ്യം കാണുന്നത് UK ഫീസ് ആകാം. ഏജന്റ് ഇന്ത്യ / ഇന്റർനാഷണൽ ഫീസ് മാത്രമേ എടുക്കൂ.
- ⚠️ കാണിച്ചാൽ യൂണിവേഴ്സിറ്റിയോട് ഇമെയിൽ ചെയ്ത് ഉറപ്പാക്കുക (ഉദാ: 3 വർഷ ഡിഗ്രി ജർമ്മൻ ഡിഗ്രിക്ക് തുല്യമാണോ).
- ഒരു പേജ് നമ്പർ കാണിച്ചില്ലെങ്കിൽ "ലഭ്യമല്ല" എന്ന് കാണിക്കും. ഊഹിച്ച് നമ്പർ ഇടില്ല.
- SOP-ൽ ഇല്ലാത്ത നേട്ടങ്ങൾ ചേർക്കില്ല. [ADD] ഭാഗങ്ങൾ നീ തന്നെ പൂരിപ്പിക്കണം.

സംശയങ്ങൾ

കൺസൾട്ടൻസി വേണ്ടേ?	തീരുമാനം നിന്റേതാണ്. പല കൺസൾട്ടൻസികളും ഡോക്യുമെന്റേഷനിൽ സഹായിക്കും. ഈ ടൂൾ കൊണ്ട് എല്ലാ ഓപ്ഷനുകളും ആദ്യം സ്വയം കാണാം, അതുകൊണ്ട് നല്ല ചോദ്യങ്ങൾ ചോദിക്കാൻ പറ്റും.
മറ്റ് രാജ്യങ്ങൾ?	ഇപ്പോൾ UK, Germany, Ireland മാത്രം. മറ്റ് രാജ്യങ്ങൾ അടുത്ത വേർഷനിൽ.
"Chrome കണക്ട് അല്ല" എന്ന് വന്നാൽ?	Chrome തുറന്നിട്ടുണ്ടോ, Claude എക്സ്റ്റൻഷൻ അതേ അക്കൗണ്ടിൽ സൈൻ ഇൻ ആണോ എന്ന് നോക്കി വീണ്ടും ട്രൈ ചെയ്യുക.

ഉപകാരപ്പെട്ടെങ്കിൽ വിദേശത്ത് പഠിക്കാൻ പ്ലാൻ ചെയ്യുന്ന ഒരാൾക്ക് ഷെയർ ചെയ്യൂ

@shakirc.ai · shakirc.com

ഇത് ഇമിഗ്രേഷൻ, ലീഗൽ, ഫൈനാൻഷ്യൽ അഡ്വൈസ് അല്ല. വിവരങ്ങൾ പബ്ലിക് ഒഫീഷ്യൽ വെബ്സൈറ്റുകളിൽ നിന്നാണ്. ഈ ടൂളിന് ഒരു യൂണിവേഴ്സിറ്റിയുമായോ ഏജൻസിയുമായോ ബന്ധമില്ല.